**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2270** **06-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യൂണിയൻ ഓഫീസിന്റെ നികുതി നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിൽ TC14/533(1) നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. യൂണിയൻ ഓഫീസിന് അമിതമായി നികുതി നിശ്ചയിക്കപ്പെട്ടതിനെത്തുടർന്ന് 21.4.2014 ലെ ഫയൽ നമ്പർ 55649 പ്രകാരം നൽകിയ റിവിഷൻ പെറ്റീഷനുമേൽ നടപടി ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | റ്റി.സി. 14/533 (1) നമ്പർ കെട്ടിടത്തിന്റെ റിവിഷൻ പെറ്റീഷൻ അപേക്ഷയിൽ നികുതി സ്ഥിരപ്പെടുത്തി നിശ്ചയിച്ചിട്ടുള്ളതാണ്. |
| (ബി) | റിവിഷൻ പെറ്റീഷൻ നൽകിയ കക്ഷിയെ ഹീയറിംഗിന് വിളിച്ചിരുന്നോ; ഇല്ലെങ്കിൽ അത് ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും പ്രസ്തുത ഫയലിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം നഗരസഭയിൽ പാളയം വാർഡിൽ ശ്രീ. സൂരജ് പി.ആർ. & ശ്രീ. പി.എസ്. ജോൺ എന്നിവരുടെ ഉടമസ്ഥതയിലുള്ള റ്റി.സി.14/533(1), (2) നമ്പർ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചു നൽകിയ ഉത്തരവ് 16/04/2014 ൽ കക്ഷി കൈപ്പറ്റിയിട്ടുള്ളതും ഇതിന്മേൽ കക്ഷി 27/04/2014 ൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും 30/04/2014 3:00 പി.എം.ന് ഹിയറിംഗിന് ഹാജരാകുന്നതിന് തീയതി നൽകിയിരുന്നുവെങ്കിലും ഹിയറിംഗിന് ഹാജരായിരുന്നില്ല.<br>തുടർനടപടിയെന്ന നിലയിൽ നികുതി സ്ഥിരപ്പെടുത്തി ഉത്തരവാകുകയാണ് ഉണ്ടായത്. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് 20.8.2019 ൽ നൽകിയ ടാക്സ് അപ്പീൽ അപേക്ഷയിന്മേൽ ഫയൽ നമ്പർ 66800 പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത അപ്പീൽ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | അപേക്ഷ സമയപരിധിക്കുള്ളിൽ നൽകിയതായി കാണുന്നില്ല. |
| (ഡി) | മറ്റു രാഷ്ട്രീയ/തൊഴിലാളി സംഘടനകളുടെ ഓഫീസുകൾക്ക് സമാനമായ നിരക്കിൽ പ്രസ്തുത ഓഫീസിനും നികുതി നിർണ്ണയിച്ച് പ്രവർത്തനാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഓഫീസുകൾക്ക് നിലവിൽ നികുതി നിർണ്ണയിക്കുന്നത് ഫോം 6-ൽ ഉള്ള നിബന്ധനകൾ പ്രകാരമാണ്. ആയതിന്റെ നിരക്ക് 1 $m^2$ ന് 80/- രൂപയാണ്. ടി നിരക്കിനെ കെട്ടിടത്തിന്റെ |

| | | | |
|---|---|---|---|
| | | | ഏരിയയുമായി ഗുണിച്ച് ഏറ്റക്കുറച്ചിൽ നൽകിയാണ് നികുതി നിശ്ചയിക്കുന്നത്. കൗൺസിൽ അനുമതിക്ക് വിധേയമായാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടി മാനദണ്ഡങ്ങൾ എല്ലാ ഓഫീസുകൾക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ